നം.കെ.എസ്.എ.പി.റ്റി.എ.പി.12-854/2019 തീയതി:15.10.2019

## പന്തളം ബ്ലോക്ക്പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്- 2018-19

(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)-ാം വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്ത് 01.04.2019 മുതൽ 31.08.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭിച്ച മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : | ഹബീബ് മുഹമ്മദ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 23.09.2019 മുതൽ | ശ്രീ.റ്റി.അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |

| | |
|---|---|
| 01.10.2019 വരെ | |
| | ശ്രീ.പി.അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.സുനിൽകുമാർ.യു.എസ്, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി പി.കെ.തങ്കമ്മ ടീച്ചർ (1.4.2018 മുതൽ 04.02.2019 വരെ) |
| | | ശ്രീമതി രേഖ അനിൽ (05.02.2019 മുതൽ 31.03.2019 വരെ) |
| സെക്രട്ടറി | : | ശ്രീ.ശ്രീജിത്ത് ജി.പി. (01.04.2018 മുതൽ 13.06.2018വരെ) |
| | | ശ്രീ.സന്തോഷ് ജീവ് (14.06.2018 മുതൽ 17.06.2018 വരെ) |
| | | ശ്രീമതി രാജലക്ഷ്മി എസ് (18.06.2018മുതൽ 26.07.2018വരെ) |
| | | ശ്രീ.അന്ന മാത്യൂ ജോർജ്ജ് (27.07.2018 മുതൽ 31.03.2019 വരെ) |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | |
| ശ്രീമതി ഷീല എ.ഡി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ - സി.എച്ച്.സി ഉമ്പമൺ | |
| ഡോ.ശ്രീകല കെ.എസ്. | 1.4.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ - സി.എച്ച്.സി വല്ലന | |
| ഡോ.അഖില രാജ് | 1.4.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | |
| ശ്രീ.അബ്ദുൾ റഹീം | 1.4.2018 മുതൽ 23.08.2018 വരെ |
| ശ്രീമതി ആശ വി. | 24.08.2018 മുതൽ 31.3.2019 |

| | |
|---|---|
| | വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | |
| ശ്രീ.റോയ് അലക്സാണ്ടർ | 1.4.2018 മുതൽ 31.12.2018 വരെ |
| ശ്രീമതി മഞ്ജു.എസ്. | 01.01.2019 മുതൽ 13.01.2019 വരെ |
| ശ്രീ.കെ.പ്രദീപ്കുമാർ | 14.01.2019 മുതൽ 31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | |
| ശ്രീ.സച്ചിൻ ദാസ് | 1.4.2018 മുതൽ 31.3.2019 വരെ |
| ശിശുവികസന ഓഫീസർ - പന്തളം -1 | |
| ശ്രീമതി റഹീല ബീഗം എം. | 1.4.2018 മുതൽ 31.3.2019 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം.

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1 : പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും

ഭാഗം 2 : വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3 : ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ് - 2018-19
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2018-19
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് -2018-19

സൂചിക

| ക്രമ നം | ഖണ്ഡിക നം. | വിഷയം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം(റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 7 | 1-7 | പട്ടികജാതി കോളനികളിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കുന്നതിനുള്ള 18.40 ലക്ഷം രൂപയുടെ പദ്ധതികൾ മുടങ്ങിക്കിടക്കുന്നു |
| 8 | 1-8 | ചെലവ് വൗച്ചറുകളുടെ പരിശോധന – ചെലവ് നടത്തുന്നതിൽ നടപടിക്രമങ്ങളുടെ ലംഘനവും, ക്യാഷ് ബുക്കും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിൽ ന്യൂനതയും |
| 9 | 1-9 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ അപാകതകൾ |
| 10 | 1-10 | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാതെ എസ്.സി.പി. ഫണ്ട് വകയിരുത്തി മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി |
| 11 | 1-11 | കോളനി മണ്ണ് സംരക്ഷണ പ്രവൃത്തികൾ - വികസനഫണ്ട് ചെലവഴിച്ചത് തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പരിഗണിക്കാതെ |
| 12 | 1-12 | ഇടശ്ശേരിമല സാംസ്കാരിക നിലയം - വനിതാ ശുചിമുറി നിർമ്മാണം -നിർവ്വഹണത്തിലെ അപാകതകൾ |
| 13 | 1-13 | പഴയ പന്തളം ബ്ലോക്ക് ഓഫീസ് മെയിന്റനൻസ് (102/19) – റീടെൻഷൻ ഈടാക്കാതെ പാർട്ട് ബിൽ തുക നൽകി |

| | | |
|---|---|---|
| 14 | 1-14 | സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ വീഴ്ച |
| 15 | 1-15 | മരാമത്ത് ബില്ലിൽനിന്നും റീടെൻഷൻ തുക ഈടാക്കുന്നത് ക്രമപ്രകാരമല്ല |
| 16 | 1-16 | വിദേശജോലിക്ക് ധനസഹായം - അർഹതയില്ലാതെ വിതരണം ചെയ്തു |
| 17 | 1-17 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി - വാല്യൂവേഷനില്ലാതെ ധനസഹായം നൽകി |
| 18 | 1-18 | എം.എൻ.ആർ.ഇ.ജി.എസ്. - ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും വേതനം ഇനത്തിൽ നൽകുന്ന തുക തെറ്റായി അക്കൌണ്ട് ചെയ്യുന്നു |
| 19 | 1-19 | ചുമതലയില്ലാത്ത മേഖലകളിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നു |
| 20 | 1-20 | സംയുക്ത പദ്ധതികൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 21 | 1-21 | ആരോഗ്യകേന്ദ്രങ്ങൾക്ക് മരുന്ന് വാങ്ങൾ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല |
| 22 | 1-22 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല |
| 23 | 1-23 | കറണ്ട് ചാർജ്ജിനമേൽ വൻതുക പിഴനൽ ചാർജ്ജ് ഒടുക്കുന്നു - പഞ്ചായത്ത് ഫണ്ടിന് വൻ നഷ്ടം |
| 24 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 25 | 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും |
| 26 | 4-3 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 27 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം |
| 28 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 29 | 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 30 | 4-7 | ഓഡിറ്റ് റിക്കവറി |

| | | |
|---|---|---|
| 31 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 32 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 33 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 34 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19വർഷത്തെ ബജറ്റ് 28.02.2019 തീയതിയിലെ 1- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 51075490 | 42632437 | | 8443053 |
| വരവ് | 190895320 | 68698576 | | 122196744 |
| ആകെ | 241970810 | 111331013 | | 130639797 |
| ചെലവ് | 232396710 | 81718340 | | 150678370 |
| നീക്കിയിരിപ്പ് | 9574100 | 29612673 | 20038573 | |

അടുത്ത സാമ്പത്തികവർഷം സ്ഥാപനത്തിന് ലഭിക്കാനുള്ള വരവിനങ്ങളും പ്രതീക്ഷിത ചെലവുകളും സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് തുകകൾ കണക്കാക്കേണ്ടത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ബജറ്റിൽ വിഭാവനം ചെയ്തിരുന്ന ചെലവ് തുകകളും യഥാർത്ഥത്തിലുള്ള ചെലവ് തുകകളും തമ്മിൽ വലിയ അന്തരമുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018- 19 | 31.07.2019 | 20.05.2019 |

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 42632437 |
| വരവ് | 68698576 |
| ആകെ | 111331013 |
| ചെലവ് | 81718340 |
| നീക്കിയിരിപ്പ് | 29612673 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 27935000 | 27935000 | 26767059 | 1167941 |
| SCP | 0 | 17121000 | 17121000 | 14971549 | 2149451 |
| TSP | 0 | 149000 | 149000 | 149000 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | | 3404000 | 3404000 | 2756455 | 647545 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 97 | 76 | 0 | 21 | 78.35 |

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.12.2018 | 27.07.2017 to 07.12.2018 | 03.04.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.03.2014 | 2010-11 മുതൽ 2012-13വരെ | 13.05.2014 |

## 1-7 പട്ടികജാതി കോളനികളിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കുന്നതിനുള്ള 18.40 ലക്ഷം രൂപയുടെ പദ്ധതികൾ മുടങ്ങിക്കിടക്കുന്നു

പന്തളം ഗ്രാമപഞ്ചായത്തിലെ 39 പട്ടികജാതി കോളനികളിലായി 63 സ്ഥലങ്ങളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ 2012-13-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി.പി. ഫണ്ടിൽനിന്നും 1840058 രൂപ വകയിരുത്തി 7 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. സർക്കാർ സ്ഥാപനമായ അനെർട്ട് മുഖാന്തിരം ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. വിളക്കുകൾ സ്ഥാപിക്കുന്നതിനായി ചുവടെ ചേർക്കും പ്രകാരം 1840058 രൂപ അനെർട്ടിന് മുൻകൂറായി നൽകി.

| പ്രോ.നം. | ഡി.ഡി.നം./തീ. | തുക |
|---|---|---|
| S0175/13 | 968049/04.04.13 | 135000 |
| S0178/13 | 968050/04.04.13 | 135000 |
| S0179/13 | 968074/04.04.13 | 135000 |
| S0183/13 | 968075/04.04.13 | 135000 |
| S0184/13 | 255805/08.04.13 | 45000 |
| | 255806/08.04.13 | 45000 |
| | 255807/08.04.13 | 45000 |
| S0193/13 | 968072/04.04.13 | 600000 |
| S0193/13 | 968073/04.04.13 | 565058 |

| | | |
|---|---|---|
| | | |
| | ആകെ | 1840058 |

മേൽ പറഞ്ഞ പ്രകാരം 2013 എപ്രിൽ മാസം മുഴുവൻ തുകയും മുൻകൂറായി അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും ഓഡിറ്റ് തീയതിവരെ അനെർട്ട് ലൈറ്റുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് പല പ്രാവശ്യം കത്തുമുഖാന്തിരവും, നേരിട്ടും ബന്ധപ്പെട്ടതിന്റെ ഫലമായി വിവിധ പട്ടികജാതി കോളനികളിലായി 63 ഇടങ്ങളിൽ അനെർട്ട് ലൈറ്റുകൾക്കുള്ള സാമഗ്രികൾ സ്ഥാപിച്ചിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ബാറ്ററി വച്ച് ലൈറ്റുകൾ പ്രവർത്തനക്ഷമമാക്കുന്ന പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല.

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക കൈമാറുന്നതിന് മുമ്പായി നിർവ്വഹണ ഏജൻസിയുമായി നിർദ്ദിഷ്ട മാതൃകയിൽ പഞ്ചായത്ത് കരാറിലേർപ്പെടേണ്ടതായിരുന്നു. എന്നാൽ മുദ്രപത്രത്തിൽ കരാർ ചമയ്ക്കാതെയാണ് അനെർട്ടിന് തുക നൽകിയിട്ടുള്ളത്. ഇക്കാരണത്താൽ തുക കൈപ്പറ്റി ആറു വർഷം പിന്നിട്ടിട്ടും പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത ഏജൻസിക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനോ, നഷ്ടപരിഹാരം ഈടാക്കുന്നതിനോ സാധ്യമല്ല. കരാർ ചമയ്ക്കാതെ തുക കൈമാറിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയാണ്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് അനെർട്ട് ഡയറക്ടർ 10.04.17-ൽ സെക്രട്ടറിയ്ക്ക് അയച്ച കത്തിൽ നിലവിലുള്ള തുകയ്ക്ക് 42 ലൈറ്റുകൾ സ്ഥാപിക്കുന്നതിന് മാത്രമേ സാധിക്കുകയുള്ളൂവെന്നും, ആയതിന് സമ്മതമാണെങ്കിൽ ഉടനെതന്നെ ഇവ സ്ഥാപിക്കുന്നതിന് വേണ്ട ലോക്കേഷൻ വിവരങ്ങൾ നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. 2013-14 വർഷം പ്രവൃത്തി നടത്തുന്നതിന് അനെർട്ട് ടെണ്ടർ ക്ഷണിച്ചത് അനുസരിച്ച് ഒരു ലൈറ്റിന്റെ വില 44875 രൂപയും, സംസ്ഥാന സർക്കാർ സബ്സിഡി 30000 രൂപയും ആയിരുന്നു. സ്ഥാപന വിഹിതം 14875 രൂപ മാത്രമായിരുന്നു. എന്നാൽ വർക്ക് ഓർഡർ നൽകിയ ഏജൻസിക്ക് ജോലികൾ തൃപ്തികരമായി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ അനെർട്ട് എക്സി.കമ്മിറ്റിയുടെ തീരുമാന പ്രകാരം റീടെണ്ടർ നടപടി സ്വീകരിച്ചു. റീടെണ്ടർ പ്രകാരം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് 42885 രൂപയാണ്. എന്നാൽ സംസ്ഥാന സർക്കാർ 2013-14 പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ സബ്സിഡി തുക മാർച്ച് വരെ ചെലവഴിക്കുന്നതിനു മാത്രമാണ് അനുമതി ലഭിച്ചത്. ആയതിനാൽ ഡെപ്പോസിറ്റ് ചെയ്ത തുകയ്ക്ക് 42 ലൈറ്റുകൾ മാത്രമേ സ്ഥാപിക്കാൻ സാധിക്കുകയുള്ളൂവെന്ന് ടി കത്തിൽ അനെർട്ട് ഡയറക്ടർ വ്യക്തമാക്കി. എന്നാൽ അനെർട്ട് ഡയറക്ടറുടെ നിർദ്ദേശം അധികൃതർ അവഗണിച്ചെന്ന് മാത്രമല്ല പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തിയ്ക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും തയ്യാറായിട്ടില്ല. നിലവിലെ അവസ്ഥയിൽ അനർട്ടിന്റെ നിർദ്ദേശം സ്വീകരിക്കുന്നതാണ് കരണീയം എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗം എന്ന നിലയിൽ പട്ടിക ജാതിക്കാർക്കുള്ള ക്ഷേമ/വികസന പ്രവത്തനങ്ങൾക്കാണ് സർക്കാർ എസ്.സി.പി. ഫണ്ട് അനുവദിക്കുന്നത്.

അതുകൊണ്ട് തന്നെ പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ലെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ [സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തീയതി 29.01.2018-ഖണ്ഡിക നം.6.1.(1)] നിഷ്കർഷിച്ചിട്ടുണ്ട്. പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി ചെലവഴിക്കേണ്ട പദ്ധതി പണത്തിൽനിന്നും 18.40 ലക്ഷം രൂപ ചെലവഴിച്ച് ഏറ്റെടുത്ത ഈ പദ്ധതി 6 വർഷങ്ങൾക്കുശേഷവും ലക്ഷ്യം കാണാതിരിക്കുന്നത് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെയും, ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുള്ള കെടുകാര്യസ്ഥതയും, കൃത്യവിലോപവും മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഈ വിഷയത്തിൽ ഭരണവകുപ്പിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതി അടിയന്തിരമായി പൂർത്തീകരിച്ച്, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-8 ചെലവ് വൗച്ചറുകളും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല

ഓഡിറ്റ് വർഷത്തെ ജനറൽ പർപ്പസ് ഫണ്ടിൽനിന്നുള്ള പണം പിൻവലിക്കലുകളുടെ വൗച്ചറുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പേയ്മെന്റ് വൗച്ചറുകൾ ക്രമപ്രകാരമല്ല സൂക്ഷിച്ചിട്ടുള്ളത്. വൗച്ചറുകൾ മാസം തിരിച്ച് ബൈന്റ് ചെയ്തോ, ബോക്സ് ഫയലാക്കിയോ സൂക്ഷിക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ചെലവ് നടത്തിയ മുറയ്ക്ക് സാംഖ്യയിൽ പേയ്മെന്റ് രേഖപ്പെടുത്തുകയോ, പേയ്മെന്റ് വൗച്ചറുകൾ ജനറേറ്റ് ചെയ്ത് ചെലവ് രേഖകൾക്കൊപ്പം സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് റൂൾ പ്രകാരം പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള പേയ്മെന്റ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് അക്കൗണ്ടന്റ് ഒരു ബിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമൊരു ബിൽ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

വൗച്ചറുകൾ ഒന്നും തന്നെ പ്രസിഡന്റ് കൈയ്യൊപ്പിട്ട് ആധികാരികമാക്കിയിട്ടില്ല. പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും, പിൻവലിക്കലും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് ഫണ്ടിൽനിന്നും പണം പിൻവലിക്കുന്നതിന് സെക്രട്ടറി പ്രസിഡന്റിന്റെ രേഖാമൂലമായ ഉത്തരവ് വാങ്ങിയിരിക്കേണ്ടതാണ്. പ്രസിഡന്റിന്റെ രേഖാമൂലമുള്ള അനുമതിയുടെ അടിസ്ഥാനത്തിലല്ലാതെ പഞ്ചായത്ത് ഫണ്ടിൽനിന്നും പണം പിൻവലിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്.

സെൽഫ് ചെക്ക് പ്രകാരം ട്രഷറിയിൽനിന്നും പണമായി പിൻവലിക്കുന്ന തുകകളും അവയുടെ വിതരണവും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം സെൽഫ് ചെക്ക് പ്രകാരം പിൻവലിച്ച 2868403 രൂപയുടെ വിവരങ്ങൾ ക്യാഷ് ബുക്കിൽ ഇല്ല.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്ക് ഒരു പ്രാവശ്യം ചെയ്യാവുന്ന കണ്ടിജന്റ് ചെലവുകളുടെ പരിധി 7500 രൂപയും ഒരു മാസം 15000 രൂപയുമാണ്. ഇതിൽ അധികരിച്ചുവരുന്ന ചെലവുകൾ പഞ്ചായത്ത് കമ്മിറ്റിയുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ നടത്താൻ പാടുള്ളൂ. എന്നാൽ ഇപ്രകാരം മുൻകൂർ അനുമതി വാങ്ങാതെ പരിധി ലംഘിച്ച് കണ്ടിജന്റ് ചെലവുകൾ നടത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം., തീ. | ചെലവിന്റെ വിവരം | തുക | ന്യൂനതകൾ |
|---|---|---|---|
| 913621/23.05.18 | പഞ്ചായത്ത് ഓഫീസിലെ ഇലക്ട്രിക്കൽ വർക്ക് നടത്തിയതിന്റെ ചെലവ് - ഇലക്ട്രീഷ്യൻ ശ്രീ വിനോദ് വി. എന്നയാൾക്ക് നൽകിയത് | 8639 | മുൻകൂർ ചെലവ് അനുമതി വാങ്ങിയിട്ടില്ല.<br>ചെലവിന് കമ്മിറ്റിയുടെ സാധൂകരണം വാങ്ങേണ്ടതാണ്. |
| 276508/25.07.18 | പഞ്ചായത്ത് വക വാഹനത്തിന് ടയർ ബാറ്ററി എന്നിവ വാങ്ങിയ ഇനത്തിൽ ചെലവ് - എം.ജി. ആട്ടോ പാർട്സ്, അടൂർ എന്ന സ്ഥാപനത്തിന് നൽകിയത് | 21450 | മുൻകൂർ ചെലവ് അനുമതി വാങ്ങിയിട്ടില്ല.<br>ചെലവിന് കമ്മിറ്റിയുടെ സാധൂകരണം വാങ്ങേണ്ടതാണ്. |
| 276510/25.07.18 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സ്ഥിതി ചെയ്യുന്ന വിവിധ കെട്ടിടങ്ങളുടെ മുകൾ വശവും ചുറ്റുപാടും വൃത്തിയാക്കിയതിന് ശ്രീ ഗോപാലകൃഷ്ണന് നൽകിയത് | 7200 | ചെലവ് അനുമതിയില്ല. സെൽഫ് ചെക്ക് എഴുതി പണമായി വിതരണം ചെയ്തു. മസ്റ്റർ റോൾ ലഭ്യമാക്കിയിട്ടില്ല.<br>ചെലവിന് കമ്മിറ്റിയുടെ സാധൂകരണം വാങ്ങേണ്ടതാണ്. |
| 2778485/14.02.19 | പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനം അറ്റകുറ്റപ്പണികൾ നടത്തിയ ഇനത്തിൽ കേരള കാർസ് പ്രൈ.ലി. എന്ന സ്ഥാപനത്തിന് നൽകിയത് | 21913 | 10000 രൂപയ്ക്കുമുകളിൽ ചെലവ് വരുന്ന അറ്റകുറ്റപ്പണികൾ കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയാമായി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യേണ്ടതാണ്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചല്ല പ്രവൃത്തി നടത്തിയിട്ടുള്ളത്. ചെലവിന് കമ്മിറ്റിയുടെ അനുമതി വാങ്ങിയിട്ടില്ല.<br>ചെലവിന് കമ്മിറ്റിയുടെ സാധൂകരണം വാങ്ങേണ്ടാതാണ്. |
| 730209/20.03.19 | പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനം അറ്റകുറ്റപ്പണികൾ നടത്തിയ ഇനത്തിൽ കേരള കാർസ് പ്രൈ.ലി. | 24056 | |

| | | | |
|---|---|---|---|
| | എന്ന സ്ഥാപനത്തിന് നൽകിയത് | | |
| 2778484/16.02.19 | തൃശ്ശൂരിൽവച്ച് നടന്ന പഞ്ചായത്ത് ദിനാഘോഷ പരിപാടിയുമായി ബന്ധപ്പെട്ട് ഡ്രൈവർക്ക് യാത്രാചെലവ് മുൻകൂർ നൽകിയത് | 2000 | മുൻകൂർ ക്രമീകരിച്ചിട്ടില്ല. ചെലവ് ക്രമീകരിക്കുകയോ, മുൻകൂർ തുക പലിശ സഹിതം തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്. |

വൗച്ചറുകളിൽ ഒന്നും തന്നെ ചെലവ് അനുമതി നൽകികൊണ്ടുള്ള കമ്മിറ്റിയുടെ തീരുമാന നമ്പരും, തീയതിയും രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ പ്രധാനപ്പെട്ട എല്ലാ കണ്ടിജന്റ് ചെലവുകൾക്കും കമ്മിറ്റിയുടെ ചെലവ് അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് ഓഡിറ്റിൽ പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിന് സാധിച്ചിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. വൗച്ചറുകളുടെ സൂക്ഷിപ്പിലും, കണക്കുകളുടെ അക്കൗണ്ടിംഗിലുമുണ്ടായിട്ടുള്ള ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവ് ചെയ്യുന്നതിന് പഞ്ചായത്ത് രാജ് നിയമവും, ധനവിനിയോഗ ചട്ടങ്ങളും പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-9 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ അപാകതകൾ

ഓഡിറ്റ് വർഷം അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഡ്/ഡിവിഷൻ അടിസ്ഥാനത്തിലല്ലാതെ തദ്ദേശഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി വിഭാവനം ചെയ്തുകൊണ്ട് വേണം പദ്ധതികൾ ആവിഷ്കരിക്കാനെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു [ഖ.3.3.5.(1)]. എന്നാൽ ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ചാണ് മരാമത്ത് പ്രവൃത്തികൾ ആവിഷ്കരിച്ചിട്ടുള്ളത്.
2. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രോജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും (thin spread of resources) ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണം എന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല (ഖ.2.3.(7). ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വിതം വച്ച് 5ലക്ഷം രൂപ അടങ്കലുള്ളതും, 150 മീറ്ററിൽ കുറവ് നീളം പുനരുദ്ധാരണം നടത്തുന്നതിനുള്ള റോഡ് നിർമ്മാണ പ്രോജക്ടുകളാണ് ഗതാഗതമേഖലയിൽ നടപ്പിലാക്കിയിട്ടുള്ളത്. രണ്ട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും കുറഞ്ഞത് 6 മീറ്റർ വീതിയുള്ളതുമായ റോഡുകളുടെ നിർമ്മാണമാണ് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളത്. കുറഞ്ഞ അടങ്കൽ തുക വകയിരുത്തുന്നതിനാൽ ഏറ്റെടുക്കുന്ന ഒരു റോഡുപോലും പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നതിന് സാധിക്കുന്നില്ല (ഉദാ.പ്രോജക്ട്

നം.16/19,17/19,22/19,45/19).

3. ഒരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി മുൻഗണനാക്രമം നിശ്ചയിച്ച് റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല [ഖണ്ഡിക നം.7.13(1)]
4. കരാറുകാർ ഹാജരാക്കിയിട്ടുള്ള എഗ്രിമെന്റുകൾ അപൂർണ്ണമാണ്. എഗ്രിമെന്റിൽ ആവശ്യമായ വിവരങ്ങൾ എഴുതി ചേർക്കുകയോ, എഞ്ചിനീയറും, കരാറുകാരനും, സാക്ഷികളും കൈയ്യൊപ്പ് ഇട്ട് ആധികാരികമാക്കുകയോ ചെയ്തിട്ടില്ല.
5. കരാറുകാരുമായി ഏർപ്പെടുന്ന എഗ്രിമെന്റിന്റെ മാതൃക കാലഹരണപ്പെട്ടതാണ്. പുതുക്കിയ പി.ഡബ്ല്യ.ഡി. മാന്വൽ പ്രകാരം എഗ്രിമെന്റിന്റെ മാതൃക പുതുക്കിയിട്ടില്ല.
6. നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്ന സംഗതിയിൽ (കെട്ടിടങ്ങൾ, കുടിവെള്ള പദ്ധതികൾ etc.) നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമാക്കുന്നില്ല (ഉദ: നാറാണംമുരുപ്പ് കുടിവെള്ള പദ്ധതി, വൃദ്ധജനങ്ങൾക്ക് പകൽ വീട് - പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് )
7. നിർമ്മിക്കുന്ന ആസ്തികളുടെ തുടർനടത്തിപ്പും പരിപാലനവും സംബന്ധിച്ച് (ഉദ. പകൽ വീടുകൾ, കുടിവെള്ള പദ്ധതികൾ) പ്രോജക്ടുകളിൽ വ്യക്തത വരുത്തിയിട്ടില്ല.
8. പൊതുമരാമത്ത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് കമ്മിറ്റികളായി രൂപാന്തരപ്പെടുകയോ, പ്രവൃത്തികളുടെ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല.
9. സുലേഖ സോഫ്റ്റ്‌വെയറിൽ പ്രോജക്ടിന്റെ വിവരങ്ങൾ നൽകുന്നതിനോടൊപ്പം പ്രോജക്ടിനെക്കുറിച്ച് ഒരു ഏകദേശ ധാരണ ലഭിക്കുന്നതിനുവേണ്ടി ഒരു പ്രോജക്ട് സംഗ്രഹം കൂടി തയ്യാറാക്കി ചേർക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല [ഖണ്ഡിക നം.3.5.1.(4)].
10. റോഡിതര ആസ്തികളുടെ പരിപാലനത്തിന് ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കണമെന്നും അതിനായി കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളുടെ യോഗം വിളിച്ചു ചേർക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല [ഖണ്ഡിക നം.6.7(7)].
11. റോഡ് നിർമ്മാണം, റോഡ് പുനരുദ്ധാരണം എന്നീ പ്രവൃത്തികളിൽ കോൺക്രീറ്റ് പണികൾ ചെയ്യുന്നത് ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല [ഖണ്ഡിക നം.7.13(8)].
12. നാറ്റ് പാക്ക് (National Transportation Planning and Research Centre) നിർദ്ദേശിച്ചിട്ടുള്ള അളവിൽ പ്ലാസ്റ്റിക് ടാറിൽ ചേർത്ത് റോഡ് ടാറിംഗ് പ്രവൃത്തികൾ ചെയ്യണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല [ഖണ്ഡിക നം.7.13(10)].
13. ഗുണമേന്മയുള്ളതും, ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയിൽ നിർമ്മിക്കാൻ ശ്രമിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല [ഖണ്ഡിക നം.7.13(12)].

14. ടെണ്ടർ നോട്ടീസ് പൊതുജനങ്ങളുടെ അറിവിലേക്ക് ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല [ഖണ്ഡിക നം.11.2.(5)].
15. നിർമ്മാണ പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിന് ഒരോ പ്രവൃത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ ഗുണഭോക്തൃസമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മാതൃകയിലായിരിക്കണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല [ഖണ്ഡിക നം.11.2.(6)].
16. നിർവ്വഹണം പൂർത്തിയാക്കിയ പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല [ഖണ്ഡിക നം.11.4.(1)].
17. നിർമ്മിച്ച ആസ്തികളുടെ വിവരങ്ങൾ യഥാസമയം ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല [ഖണ്ഡിക നം.11.4.(2)].
18. നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച്, പ്രവൃത്തിയുടെ പേര്, വർഷം, പ്രവൃത്തി നടത്തുന്ന കരാറുകാരന്റെ പേരും ഫോൺനമ്പരും, എഞ്ചിനീയറുടെ പേരും, ഫോൺനമ്പരും അടങ്കൽ തുക പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണെന്നും, ഡിസ് പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നുമുള്ള നിർദ്ദേശം പാലിക്കുന്നില്ല [ഖണ്ഡിക നം.13.5].

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ പ്രസ്തുത അപാകതകൾ പരിഹരിച്ച് നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാതെ എസ്.സി.പി. ഫണ്ട് വകയിരുത്തി മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി

പട്ടികജാതി വികസന ഫണ്ട് (എസ്.സി.പി) വകയിരുത്തി നടപ്പിലാക്കുന്ന പൊതു സൗകര്യ പ്രോജക്ടുകളുടെ ഗുണഭോക്തൃ കുടുംബങ്ങളിൽ അമ്പത് ശതമാനത്തിലധികം പട്ടിക ജാതിക്കാരായിരിക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്തൃ കുടുംബങ്ങളുടെ പട്ടികയും, സാമൂഹ്യ ഭൂപടവും ബന്ധപ്പെട്ട പ്രദേശത്തിന്റെ ചുമതലയുള്ള പട്ടിക ജാതി വികസന ഓഫീസർ സ്ഥലപരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ എസ്.സി.പി. ഫണ്ട് വകയിരുത്തി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ.നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നം./തീയതി |
|---|---|---|---|---|---|
| 1 | 110/19 | എസ്.സി.കോളനി വനിത വിപണന കേന്ദ്രം - മെഴുവേലി | 850000 | 336139 | 113/28.12.2018 |

| | | | | | |
|---|---|---|---|---|---|
| | | ഗ്രാമപഞ്ചായത്ത് | | | |
| 2 | 133/19 | ഉടയൻകാവ് - വളളുകാട് റോഡ് സൈഡ് കെട്ട് - ഇന്റർ ലോക്ക് പാകൽ - പന്തളം തെക്കേക്കര ഗ്രാ.പ. | 500000 | 484712 | 145/26.02.2019 |
| | | ആകെ | | 820851 | |

ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ എസ്.സി.പി. ഫണ്ട് വകയിരുത്തി മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കിയത് ക്രമവിരുദ്ധമാണ്. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി പ്രവൃത്തികളുടെ ഗുണഭോക്താക്കളിൽ 51 ശതമാനത്തിലധികം പേരും പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്ന പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കി തടസ്സവാദം തീർപ്പാക്കേണ്ടതാണ്.

## 1-11 കോളനി മണ്ണ് സംരക്ഷണ പ്രവൃത്തികൾ - വികസനഫണ്ട് ചെലവഴിച്ചത് തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പരിഗണിക്കാതെ

ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് കോളനികളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ചുവടെ ചേർക്കും പ്രകാരം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | സംരക്ഷണ ഭിത്തിയുടെനീളം | അടങ്കൽ | ചെലവ് | ബിൽ നം./തീയതി |
|---|---|---|---|---|---|---|
| 1 | 120/19 | പൂപ്പൻകാല കോളനി സംരക്ഷണം ഭിത്തി നിർമ്മാണം - മെഴുവേലി ഗ്രാമപഞ്ചായത്ത് | 123 മീ. | 500000 | 494778 | 07/19.05.18 |
| 2 | 40/19 | പാലക്കാമകുടി സെറ്റിൽമെന്റ് കോളനി സൈഡുകെട്ട് - കുളനട ഗ്രാമപഞ്ചായത്ത് | 45 മീ. | 500000 | 395401 | 104/22.12.18 |

കോളനികളിലെ വീടുകളുടെ സൈഡ് കെട്ടി സംരക്ഷിക്കുന്നതിലേക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളത്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം [സ.ഉ.(കൈ) നം.11/2018ത.സ്വ.ഭ.വ. തീയതി 29.01.2018-ഖണ്ഡിക നം.6.1.(1)] മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലൂടെ

നടത്തേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പാക്കാൻ കഴിയില്ലെങ്കിൽ മാത്രമേ ഈ ആവശ്യത്തിന് വികസന ഫണ്ട് ഉപയോഗിക്കാവൂ. (സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ, തീയതി 28.01.2018, ഖണ്ഡിക നം. 7.1.6(ബി),(2))എന്നാൽ ഈ പ്രോജക്ടുകളുടെ കാര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല.

ടി പ്രോജക്ടുകളുടെ ഭാഗമായി സംരക്ഷണ ഭിത്തി നിർമ്മിച്ചിരിക്കുന്നത് 1:3:6 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റ് ഉപയോഗിച്ചാണ്. ശരാശരി രണ്ട് മീറ്ററിൽ താഴെ മാത്രം ഉയരമുള്ള സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനാണ് ഇപ്രകാരം കോൺക്രീറ്റ് ഉപയോഗിച്ചിട്ടുള്ളത്. സംരക്ഷണ ഭിത്തി നിർമ്മാണത്തിന് താരതമ്യേന ചെലവ് കുറഞ്ഞ ഡ്രൈ റബിൾ മേസൺറി അവലംബിക്കാമായിരുന്നു. ഒരു ഘനമീറ്റർ ഡ്രൈറബിൾ മേസൺറിയ്ക്ക് 2766.10 ചെലവ് വരുന്ന സ്ഥാനത്ത് 1:3:6 അനുപാതത്തിലുള്ള കോൺക്രീറ്റിന് 6938.73 രൂപയാണ് ചെലവ്. വിഭവങ്ങൾ വിനിയോഗിക്കുന്നതിൽ പരമാവധി കാര്യക്ഷമതയും മിതവ്യയവും പാലിക്കണമെന്നും, പാഴ്ചെലവ് വരുത്തുന്ന രീതിയിലുള്ള വിഭവ വിനിയോഗം ഒഴിവാക്കണമെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയുടെ ഖണ്ഡിക 5.1(7)ൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് കോൺക്രീറ്റിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് പദ്ധതി നടപ്പിലാക്കിയത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മണ്ണ്സംരക്ഷണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ഇടശ്ശേരിമല സാംസ്കാരികനിലയം-വനിതാ ശുചിമുറി നിർമ്മാണം (പ്രോജക്ട് നം.121/19)-നിർവ്വഹണത്തിലെ അപാകതകൾ

2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 250000 രൂപ അടങ്കൽ വകയിരുത്തി ഇടശ്ശേരിമല സാംസ്കാരിക നിലയത്തിൽ വനിത ടോയ്ലറ്റ് നിർമ്മാണം എന്ന പേരിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് (231148.45) നിർദ്ദേശിച്ച ശ്രീ .എൻ.സി. അനിൽകുമാർ എന്നയാളാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 168116 രൂപയുടെ പ്രവൃത്തി നടത്തിയിട്ടുണ്ട്(ബിൽ നം.149/1.03.19). പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഈ പ്രവൃത്തിയുടെ അടങ്കൽ 250000 രൂപയാണ്. ബ്ലോക്ക് പഞ്ചായത്തുകൾ 5 ലക്ഷത്തിൽ കുറവ് അടങ്കലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ലെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഘടക സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികളും പൂർത്തീകരണ പ്രവർത്തനങ്ങളും നടത്തുന്നതിന് ഈ വ്യവസ്ഥ ബാധകമല്ല. ഇടശ്ശേരിമല സാംസ്കാരിക നിലയം ബ്ലോക്ക് പഞ്ചായത്തിന്റെ ഘടകസ്ഥാപനോ, ഉടമസ്ഥതയിലുള്ള സ്ഥാപനമോ അല്ല.
2. ആറന്മുള ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഈ സാംസ്കാരിക നിലയത്തിന് അനുബന്ധ സൗകര്യം ഒരുക്കുന്നതിന് പദ്ധതി നടപ്പിലാക്കിയതിന് ബന്ധപ്പെട്ട

പഞ്ചായത്തിന്റെ അനുമതി വാങ്ങിയിട്ടില്ല.

3. പ്രവൃത്തിയുടെ തൃപ്തികരമായ പൂർത്തീകരണത്തിന് ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളത്. ഒരു കെട്ടിടം നിർമ്മിക്കുമ്പോൾ ആവശ്യമായ പ്ലംബിംഗ്, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നിർബന്ധമായും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. [സ.ഉ.(കൈ)നം.11/2018 തീയതി 29.01.2018 ഖണ്ഡിക നം.3.5.1(9)]. പ്രവൃത്തിയുടെ ഭാഗമായി വാഷ്ബേസിനും, ക്ലോസറ്റും സ്ഥാപിക്കുന്നതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഒരു ടോയ്‌ലറ്റ് ഉപയോഗപ്പെടുത്തുന്നതിന് അനിവാര്യമായ ഇനമായ പ്ലംബിംഗ് പ്രവൃത്തി ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളത്.

ഈ സാഹചര്യത്തിൽ പ്രവൃത്തിക്ക് ചെലവഴിച്ച 168116/- രൂപ തടസ്സപ്പെടുത്തുന്നു. പ്ലംബിംഗ്/ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി ടോയ്‌ലറ്റ് ഉപയോഗക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 പഴയ പന്തളം ബ്ലോക്ക് ഓഫീസ് മെയിന്റനൻസ് (102/19) – റീടെൻഷൻ ഈടാക്കാതെ പാർട്ട് ബിൽ തുക നൽകി

പഴയ പന്തളം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ പ്രവൃത്തിക്കുന്ന ഗ്രാമന്യായാലയത്തിന് സൗകര്യം ഒരുക്കുന്നതിനുവേണ്ടി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 495000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തി നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് നിർദ്ദേശിച്ച ശ്രീ സുരേഷ് കുമാർ കെ. എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. കരാറുകാരൻ പ്രവൃത്തി ഭാഗീകമായി പൂർത്തിയാക്കുകയും 15.03.19-ൽ പാർട്ട് ബിൽ സമർപ്പിക്കുകയും ചെയ്തു. പാർട്ട് ബിൽ പ്രകാരം കരാറുകാരന് 274423 രൂപ പ്രതിഫലം നൽകി. ബിൽ നം.178/21-03-2019)

| | | | |
|---|---|---|---|
| പ്രവൃത്തി മൂല്യം | | | 285859 |
| (-) | ആദായ നികുതി | 2859 | |
| (-) | ക്ഷേമനിധി വിഹിതം | 2859 | |
| (-) | CGST | 2859 | |
| (-) | SGST | 2859 | |
| | | | 11436 |
| കരാറുകാരന് നൽകിയത് | | | 274423 |

പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബില്ലിൽ നിന്നും റീടെൻഷൻ (Performance Security Deposit) ഈടാക്കേണ്ടതായിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ കാര്യത്തിൽ റീടെൻഷൻ തുക ഈടാക്കാതെയാണ് കരാറുകാരൻ പാർട്ട് ബിൽ അനുവദിച്ച്

നൽകിയിട്ടുള്ളത്. പാർട്ട് ബിൽ കൈപ്പറ്റിയ കരാറുകാരൻ തുടർന്ന് പ്രവൃത്തി നടത്തിയിട്ടുമില്ല. എഗ്രിമെന്റ് കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനെതിരെ പഞ്ചായത്ത് നടപടി ഒന്നും സ്വീകരിച്ചിട്ടില്ല.

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തിയാക്കുന്നതിനാവശ്യമായ തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. പ്രവൃത്തിയുടെ ഫൈനൽബില്ലിൽനിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കേണ്ടതുമാണ്.

## 1-14 സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ വീഴ്ച

2018-19 വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന താഴെ പറയുന്ന സ്പിൽഓവർ പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കിയിട്ടില്ല.

| ക്രമനം. | പ്രോ. നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക |
|---|---|---|---|
| 1 | 109 | വൃദ്ധജനങ്ങൾക്ക് എഴിക്കാട് പട്ടികജാതി കോളനിയിൽ പകൽവീട് - ആറന്മുള ഗ്രാമപഞ്ചായത്ത് | 421293 |
| 2 | 113 | അസി. എക്സി.എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ | 25400 |
| 3 | 119 | പന്തളം ബ്ലോക്ക് പഞ്ചായത്ത് വനിതാ ക്യാന്റീൻ | 75040 |
| 4 | 123 | ഇലവുംതിട്ട മാർക്കറ്റിൽ ടോയ്‌ലറ്റ് നിർമ്മാണം | 271904 |
| 5 | 126 | നീർവിളാകം വനിതാ വിപണനകേന്ദ്രം നിർമ്മാണം | 923264 |

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി നർവ്വഹണ മാർഗ്ഗരേഖ പ്രകാരം സ്പിൽഓവർ പ്രോജക്ടുകൾ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ പൂർത്തിയാക്കേണ്ടതാണ്. സ്പിൽഓവർ പ്രോജക്ടുകൾക്ക് പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ക്യാരിഓവർ അനുവദിക്കേണ്ടതില്ലെന്നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കാതിരിക്കുന്നത് പ്രോജക്ടുകൾക്ക് വകയിരുത്തുന്ന ഫണ്ട് പഞ്ചായത്തിന് നഷ്ടപ്പെടുന്നതിന് ഇടയാക്കുന്നു. ആയതിനാൽ എഗ്രിമെന്റ് കാലയളവിനുള്ളിൽതന്നെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. അനിവാര്യമായ സാഹചര്യങ്ങളിൽ നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ച് നൽകേണ്ടവരുന്ന പക്ഷം പി.ഡബ്ല്യു.ഡി. മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം (Para 2112) കരാറുകാരിൽനിന്നും പിഴ ഈടാക്കേണ്ടതുമാണ്.

## 1-15 മരാമത്ത് ബില്ലിൽനിന്നും റീടെൻഷൻ തുക ഈടാക്കുന്നത് ക്രമപ്രകാരമല്ല

മരാമത്ത് പ്രവൃത്തികളുടെ പാർട്ട് ബില്ലുകളിൽനിന്നും റീടെൻഷൻ തുക ഈടാക്കുന്നത് ക്രമപ്രകാരമല്ല. ജനകീയാസൂത്രണത്തിലെ ധനവിനിയോഗവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം [ജി.ഒ.(പി.)നം.177/2006/ധന., തീ. 12.04.2006] പാർട്ട് ബില്ലുകളിൽനിന്നും കുറവ് ചെയ്യുന്ന റീടെൻഷൻ തുകകൾ ചെലാൻ മുഖാന്തിരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്ക് വകമാറ്റുകയും, ഫൈനൽ ബിൽ നൽകുന്ന വേളയിൽ പ്രസ്തുത തുക കരാറുകാരന് അനുവദിച്ചു നൽകുകകയുമാണ് വേണ്ടത്. എന്നാൽ റീടെൻഷൻ തുകകൾ പ്രവൃത്തി മൂല്യത്തിൽനിന്നും കുറവ് ചെയ്ത് ബാക്കി തുക മാത്രം ട്രഷറിയിൽനിന്നും പിൻവലിക്കുന്ന രീതിയാണ് ബ്ലോക്ക് പഞ്ചായത്തിൽ അവലംബിക്കുന്നത്. ഓഡിറ്റ് കാലയളവിൽ പാർട്ട് ബിൽ തുക നൽകിയിട്ടുള്ള 11 പ്രവൃത്തികളുടെ കാര്യത്തിൽ റീടെൻഷൻ തുക (₹211297) മേൽ പറഞ്ഞ പ്രകാരം മാറ്റി നിക്ഷേപിക്കാതെ ബിൽ തുകയിൽനിന്നും കുറവ് ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 വിദേശജോലിക്ക് ധനസഹായം - അനർഹമായി വിതരണം ചെയ്തു

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | പട്ടികജാതി യുവതി യുവാക്കൾക്ക് വിദേശജോലിക്ക് ധനസഹായം (S0010/2019) |
| അടങ്കൽ | : | 500000 |
| ചെലവ് | : | 500000 |
| ബിൽ നം./തീയതി | : | 27/18.07.2018 |
| നിർവ്വഹണം | : | പട്ടികജാതി വികസന ഓഫീസർ |

പട്ടികജാതി യുവതി യുവാക്കൾക്ക് വിദേശജോലിക്ക് ധനസഹായം ലഭ്യമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി അനർഹനായ വ്യക്തിക്ക് ഒരുലക്ഷം രൂപ നൽകി. ശ്രീ.ബാബു പി.ആർ, പൂവൻമല മേലേതിൽ, ഉമ്പമൺ നോർത്ത് പി.ഒ. എന്നയാളിനാണ് പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം നൽകിയത്.

പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്കും യുവതികൾക്കും വിദേശത്ത് തൊഴിൽ ലഭ്യമാകുന്നപക്ഷം, തൊഴിൽവിസയും വിമാന ടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് ഒരുലക്ഷം രൂപ ധനസഹായം നൽകാവുന്നതാണെന്ന് പതിമൂന്നാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിൽ [ജി.ഒ.(പി.) നം.22/2018/ത.സ്വ.ഭ.വ., തീയതി 14.02.2018] പറഞ്ഞിട്ടുണ്ട്. എന്നാൽ ശ്രീ.ബാബു പി.ആർ ന്റെ തൊഴിൽവിസയുടെയും വിമാന ടിക്കറ്റിന്റെയും പകർപ്പ് ഇല്ല. 28.01.2014-ലെ എംപ്ലോയ്മെന്റ് ലെറ്ററും 12.04.2017-ലെ ടിക്കറ്റിന്റെ പകർപ്പും അടിസ്ഥാനമാക്കിയാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് കാണുന്നു.

ഓഡിറ്റിന് ഹാജരാക്കിയിരിക്കുന്ന രേഖകൾ പ്രകാരം ടിയാൾ നിരവധി വർഷങ്ങളായി വിദേശത്ത് ജോലിചെയ്തുവരുന്നു. അർഹതയില്ലാത്ത ആളിന് ആനുകൂല്യം നൽകിയതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് നിർവ്വഹണ

ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർക്ക് 26.09.2019ൽ 3-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഈ വിവരം അന്വേഷിച്ച് വിശദമായ മറുപടി ലഭ്യമാക്കാമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി.

ഗുണഭോക്താക്കളെ അതത് ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. അർഹത ഉറപ്പുവരുത്താതെ ആനുകൂല്യം നൽകാനായി ചെലവഴിച്ച അഞ്ചുലക്ഷം രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-17 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി - വാല്യുവേഷനില്ലാതെ ധനസഹായം നൽകി

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി (S0010/2019) |
| അടങ്കൽ | : | 200000 |
| ചെലവ് | : | 149000 |
| ബിൽ നം./തീയതി | : | 139/22.02.2019- ₹100000<br>159/13.03.2019 - ₹49000 |
| നിർവ്വഹണം | : | പട്ടികജാതി വികസന ഓഫീസർ |

പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായമായി കുമാരി ആര്യ പി.രാജു, ആർ.കെ.ഭവൻ, നാൽക്കാലിക്കൽ പി.ഒ, കിടങ്ങന്നൂർ എന്ന കുട്ടിയുടെ രക്ഷിതാവിന് ₹149000 നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച്, ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലായിരിക്കണം തുക അനുവദിക്കേണ്ടതെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഇപ്രകാരം വാല്യുവേഷൻ ഇല്ലാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു. പൂർത്തീകരണ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-18 എം.എൻ.ആർ.ഇ.ജി.എസ്. - ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും വേതനം ഇനത്തിൽ നൽകുന്ന തുക തെറ്റായി അക്കൌണ്ട് ചെയ്യുന്നു

ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതിയിലെ ജിവനക്കാരുടെ ശമ്പളം ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2018-19 വർഷം വേതനം ഇനത്തിൽ ജനറൽ പർപ്പസ് ഫണ്ടിൽനിന്നും നൽകിയ തുക | 571280 |
| തൻവർഷം ക്രമീകരിച്ച തുക | 222220 |

| | |
|---|---|
| 31.03.19-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 349060 |

വർഷാന്ത്യത്തിൽ 349060 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിലെ ബി-18-ൽ ഈ ഇനത്തിൽ തുകയൊന്നും കാണിച്ചിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുടെ ജീവനക്കാർക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽനിന്നും നൽകുന്ന വേതനം ബ്ലോക്ക് പഞ്ചായത്തിന്റെ കണക്കുകളിൽ മുൻകൂറായി ഉൾപ്പെടുത്തുകയും, അലോട്ട് മെന്റ് ലഭിക്കുന്ന മുറയ്ക്ക് തുക മുൻകൂർ ക്രമീകരിക്കുകയുമാണ് വേണ്ടത്. ഇതിന് പകരം വേതനം ഇനത്തിൽ നൽകുന്ന തുകകൾ അവസാന ചെലവായി കണക്കുകളിൽ ഉൾപ്പെടുത്തുന്നത് മൂലമാണ് ബാലൻസ് ഷീറ്റിൽ കിട്ടാനുള്ള തുകകളുടെ കണക്കിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകകളുടെ കണക്ക് പ്രതിഫലിക്കാത്തത്.

അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക് മേൽപറഞ്ഞ തുക ക്രമീകരിക്കേണ്ടതും, ഭാവിയിൽ ഈ ഇനത്തിലുള്ള ചെലവ് മുൻകൂറായി പരിഗണിച്ച് അക്കൌണ്ടിംഗ് നടത്തേണ്ടതുമാണ്.

## 1-19 ചുമതലയില്ലാത്ത മേഖലകളിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നു

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് 11679848 രൂപ വകയിരുത്തി ആവിഷ്കരിച്ച11 പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തിന് ചുമതലയിൽപ്പെട്ട മേഖലകളിലായിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക |
|---|---|---|---|
| 1 | 56/19 | തുമ്പമൺ ഗ്രാമപഞ്ചായത്തിൽ ഇക്കൊ ടൂറിസം പദ്ധതി | 1000000 |
| 2 | 58/19 | ബ്ലോക്ക് പഞ്ചായത്ത് വിവിധ ഡിവിഷനുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 2816842 |
| 3 | 83/19 | പെരുമ്പുളിക്കൽ ടാഗോർ വായനശാലയ്ക്ക് കെട്ടിടം | 787079 |
| 4 | 105/19 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (ജനറൽ) | 208366 |
| 5 | 107/19 | ലൈബ്രറികൾക്ക് ഫർണിച്ചറുകൾ വാങ്ങി നൽകൽ | 750204 |
| 6 | 60/19 | ഗ്യാസ് ക്രിമറ്റോറിയം - മെഴുവേലി ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ | 650000 |
| 7 | 104/19 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (എസ്.സി.പി.) | 290154 |
| 8 | 106/19 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 425047 |

| | | | |
|---|---|---|---|
| | | (എസ്.സി.പി.) | |
| 9 | 109/19 | എഴിക്കാട് പട്ടികജാതി കോളനിയിൽ പകൽ വീട് | 421293 |
| 10 | 115/19 | വൃദ്ധജനങ്ങൾക്ക് പകൽ വീട് - പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് | 1550321 |
| 11 | 151/19 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (എസ്.സി.പി.) | 1780542 |
| | | ആകെ | 11679848 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 3, 4, 5 പട്ടികകളിൽ യഥാക്രമം ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ ചുമതലകൾ വിശദമാക്കിയിട്ടുണ്ട്. ഒരോ തലത്തിലെയും പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലുകളും, സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിച്ചുകൊടുക്കുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിനുവേണ്ടിയായിരിക്കണം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടത്. നിയമാനുസൃതമല്ലാതെ വാർഷിക പദ്ധതിയിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്ന പ്രവണത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-20 സംയുക്ത പദ്ധതികൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഓഡിറ്റ് വർഷം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് സംയുക്ത പദ്ധതികളുടെ നിർവ്വഹണത്തിനായി ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽനിന്നും ചുവടെ ചേർക്കും പ്രകാരം തുകകൾ നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | നൽകിയ തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 6/19 | ലൈഫ് മിഷൻ - പുതിയ വീടുകളുടെ നിർമ്മാണം | സെക്രട്ടറി | 2800000 | ആറൻമുള ഗ്രാമപഞ്ചായത്ത് |
| | | | | 1800000 | കുളനട ഗ്രാമപഞ്ചായത്ത് |
| | | | | 1100000 | മെഴുവേലി ഗ്രാമപഞ്ചായത്ത് |
| | | | | 1800000 | പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് |
| 2 | 56/19 | തുമ്പമൺ ഗ്രാമപഞ്ചായത്തിൽ ഇക്കോ ടൂറിസം പദ്ധതി | സെക്രട്ടറി | 1000000 | തുമ്പമൺ ഗ്രാമപഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| 3 | 60/19 | ഗ്യാസ് ക്രിമറ്റോറിയം | സെക്രട്ടറി | 650000 | മെഴുവേലി ഗ്രാമപഞ്ചായത്ത് |
| 4 | 71/19 | അഗതി രഹിത കേരളം - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം | സെക്രട്ടറി | 100000 | ഇലന്തൂർ ഗ്രാമപഞ്ചായത്ത് |
| | | | | 150000 | ആറൻമുള ഗ്രാമപഞ്ചായത്ത് |
| 5 | 43/19 | നെൽകൃഷി - കൂലിചെലവ് സബ്സിഡി | അസി.ഡയറക്ടർ, കൃഷി | 680000 | ആറന്മുള ഗ്രാമപഞ്ചായത്ത് |
| | | | | 170000 | ഇലന്തൂർ ഗ്രാമപഞ്ചായത്ത് |
| | | | | 212500 | പന്തളം തെക്കേക്കര ഗ്രാ.പഞ്ചായത്ത് |
| 6 | 153/19 | വല്ലന എഴിക്കാട് കർഷകർക്ക് കൂലിചെലവ് | അസി.ഡയറക്ടർ, കൃഷി | 170000 | ആറന്മുള ഗ്രാമപഞ്ചായത്ത് |
| 7 | 24/19 | ബഡ്സ് സ്കൂളിന് ധനസഹായം | സി.ഡി.പി.ഒ. | 500000 | ആറന്മുള ഗ്രാമപഞ്ചായത്ത് |
| | | | | 500000 | മെഴുവേലി ഗ്രാമപഞ്ചായത്ത് |

ടി തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ബന്ധപ്പെട്ട പഞ്ചായത്തുകൾ ഹാജരാക്കിയിട്ടില്ല. സംയുക്ത പദ്ധതികളുടെ നിർവ്വഹണ മാർഗ്ഗരേഖപ്രകാരം സംയുക്ത പദ്ധതികൾക്ക് ഫണ്ട് കൈപ്പറ്റുന്ന സ്ഥാപനങ്ങൾ ലഭിക്കുന്ന ഫണ്ട് തൻവർഷംതന്നെ തുക പൂർണ്ണമായും വിനിയോഗിക്കേണ്ടതാണ്. വിനിയോഗിക്കാതെ വർഷാന്ത്യത്തിൽ അക്കൌണ്ടിൽ അവശേഷിക്കുന്ന തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച തുകകളുടെയും കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും, ചെലവഴിക്കപ്പെടാത്ത തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-21 ആരോഗ്യകേന്ദ്രങ്ങൾക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഇലന്തൂർ, വല്ലന സി.എച്ച്.സികൾക്ക് മരുന്ന് വാങ്ങുന്നതിനായി അതത് മെഡിക്കൽ ഓഫീസർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായി പദ്ധതി

ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഭാഗമായി ചുവടെ പറയും പ്രകാരം തുക മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

| പ്രോജക്ട് നം. | കൈമാറിയ തുക | ബിൽ നം./തീയതി | ലഭിച്ച മരുന്ന് (രൂപയിൽ) | ലഭിക്കാനുള്ളത് |
|---|---|---|---|---|
| 88/18-19 | 94900 | 08/19-28.09.18 | 0 | 94900 |
| 144/18-19 | 194800 | 15/19-18.01.19 | 0 | 194800 |
| 155/18-19 | 73296 | 14/19-23.02.19 | 95633 | 146411 |
| 143/18-19 | 58748 | 09/19-13.12.18 | | |
| 143/18-19 | 110000 | 10/19-29.12.18 | | |
| ആകെ | 531744 | | 95633 | 436111 |

ആരോഗ്യവകുപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് നൽകാറുള്ള മരുന്നുകൾക്ക് പുറമേ മരുന്നുകൾ ആവശ്യമാകുന്ന സന്ദർഭത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിന് പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് ഓഡിറ്റ് വർഷം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിനും, പദ്ധതി നിർവ്വണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ച് പദ്ധതി നടപ്പാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

## 1-22 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കിൾ 56ബി പ്രകാരം, മൂന്നുവർഷം കഴിഞ്ഞിട്ടുള്ള ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടുപോകുന്നതാണ്. അതിനാൽ ഇപ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ 2005 മുതൽ പഞ്ചായത്തിൽ ലഭിച്ചതും നിലവിൽ കാലഹരണപ്പെട്ടതുമായ ചുവടെ പറയുന്ന ഡെപ്പോസിറ്റ് തുകകൾ മുതൽക്കൂട്ടാനവശേഷിക്കുന്നു.

| ഡെപ്പോസിറ്റ് ലഭിച്ച വർഷം | ഡെപ്പോസിറ്റുകളുടെ എണ്ണം | ഡെപ്പോസിറ്റ് തുക |
|---|---|---|
| 2005 | 10 | 146348 |
| 2006 | 10 | 23300 |
| 2007 | 9 | 28650 |
| 2008 | 5 | 15700 |
| 2009 | 1 | 1750 |

| | | |
|---|---|---|
| 2011 | 2 | 6500 |
| 2012 | 2 | 9700 |
| ആകെ | 39 | 231948 |

പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സ്റ്റാന്റിംഗ് കമ്മറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 കറണ്ട് ചാർജ്ജിനുമേൽ വൻതുക പീനൽ ചാർജ്ജ് ഒടുക്കുന്നു - പഞ്ചായത്ത് ഫണ്ടിന് വൻ നഷ്ടം

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിന്റെ കണക്ടഡ് ലോഡ് ക്രമീകരിക്കാത്തതിനാൽ ഓഫീസിന്റെ കറണ്ട് ചാർജ്ജിനുമേൽ (കൺസ്യൂമർ നം.295) കെ.എസ്.ഇ.ബി. വൻതുക പീനൽ ചാർജ്ജ് ഇടാക്കുന്നു. വൈദ്യുതി ബോർഡ് അധികൃതർ ലഭ്യമാക്കിയ വിവരം അനുസരിച്ച് 30.11.2012-ൽ ഓഫീസിന്റെ കണക്ടഡ് ലോഡ് ക്രമീകരിക്കുന്നതിന് കെ.എസ്.ഇ.ബി. നോട്ടീസ് നൽകിയിരുന്നു. ഓഫീസിന് നിലവിൽ അനുവദിച്ചിട്ടുള്ള കണക്ടഡ് ലോഡിൽ അധികമായി 7 kw അധികം വൈദ്യുതി ഉപഭോഗമാണുള്ളത്. ഓഫീസിലെ വയറിംഗ് പരിഷ്കരിച്ച് ത്രീഫേസ് കണക്ഷനായി പരിവർത്തനം ചെയ്ത് കണക്ടഡ് ലോഡ് ക്രമീകരിക്കുന്നതിന് മുൻ വർഷങ്ങളിലെ വാർഷിക പദ്ധതികളിൽ തുക വകയിരുത്തിയിരുന്നെങ്കിലും പ്രവൃത്തി നടത്തുകയോ ലോഡ് ക്രമീകരിക്കുകയോ ഉണ്ടായില്ല. ഈ സാഹചര്യത്തിലാണ് കെ.എസ്.ഇ.ബി. വൻതുക പീനൽ ചാർജ്ജ് ഈടാക്കിവരുന്നത്. ഓഡിറ്റിന് ലഭ്യമായ രേഖകൾ പ്രകാരം പീനൽ ചാർജ്ജ് നൽകിയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ആകെ കറണ്ട് ചാർജ്ജ് | പീനൽ ചാർജ്ജ് |
|---|---|---|
| 9/18 | 5515 | 2931 |
| 11/18 | 8453 | 4207 |
| 12/18 | 6844 | 3504 |
| 1/19 | 6246 | 3275 |

മേൽ കാണിച്ചിരിക്കുന്നതിൽനിന്നും നിലവിലെ വൈദ്യുതിചാർജ്ജിന്റെ അമ്പത് ശതമാനവും പീനൽ ചാർജ്ജായിട്ടാണ് ഈടാക്കുന്നതെന്ന് വ്യക്തമാണ്. ഗണ്യമായ നഷ്ടമാണ് ഈ

ഇനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്നത്. കണക്റ്റഡ് ലോഡ് ക്രമീകരിച്ച് പീനൽചാർജ്ജ് ഒഴിവാക്കുന്നതിനാവശ്യമായ സത്വര നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ ഇനത്തിലുള്ള അധിക ചെലവ് തുടർന്നുള്ള ഓഡിറ്റുകളിൽ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി ചുമത്തുന്നതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.06.2019 | കെ.എസ്.എ.പി.റ്റി.എ. പി1-602(60)/9.7.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1. | 108/2019 | കെ. എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, പന്തളം | നാറാണത്ത്മുരുപ്പ് കോളനിയിലേക്ക് ഇലക്ട്രിക് ലൈൻ (ത്രീ ഫേസ്) വലിക്കൽ) | 112067 | പ്രവൃത്തി നടത്തിയില്ല |
| 2. | 105/2019 | -ടി- | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (ജനറൽ) | 206646 | -ടി- |
| 3. | 106/2019 | -ടി- | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (SCP) | 398333 | -ടി- |
| 4. | 104/2019 | കേരള വാട്ടർ അതോറിറ്റി, | കുടിവെള്ള പൈപ്പ്ലൈൻ | 160000 | -ടി- |

| | | | | | |
|---|---|---|---|---|---|
| | | പി.എച്ച് ഡിവിഷൻ, പത്തനംതിട്ട | ദീർഘിപ്പിക്കൽ (SCP) | | |
| 5. | 58/2019 | -ടി- | ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ഡിവിഷനുകളിൽ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 2797000 | -ടി- |
| 6. | 151/2019 | -ടി- | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (SCP) | 1780000 | -ടി- |
| 7. | 51/2019 | PWD കെട്ടിട വിഭാഗം | അങ്കണവാടി നിർമ്മാണം ഉളനാട് | 580000 | -ടി- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം സ്ഥിരനിക്ഷേപമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷം തുകയൊന്നും ലഭിച്ചിട്ടില്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|

| റിപ്പോർച്ച് വർഷം | നം. | | അവസ്ഥ |
|---|---|---|---|
| 2003-04 | 2(1) | പ്രീ മെട്രിക് ഹോസ്റ്റലിന് സ്ഥലം വാങ്ങിയത് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2004-05 | 2(3) | സ്കൂൾ ലൈബ്രറികൾ, ഐ.റ്റി.സി. എന്നിവയ്ക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ | -ടി- |
| 2016-17 | 2-5 B | ഒരേ റോഡിൽ ഗ്രാമ- ബ്ലോക്ക് പഞ്ചായത്തുകൾ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു | -ടി- |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

| (എ) സംക്ഷിപ്ത വിവരം | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 111331013 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81718340 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1637967 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 820851 | ശ്രീ.ആരിഫ് മുഹമ്മദ് എം., അസിസ്റ്റന്റ് |

| | | |
|---|---|---|
| | | എഞ്ചിനിയർ |
| 1-12 | 168116 | -ടി- |
| 1-16 | 500000 | ശ്രീ.സച്ചിൻ ദാസ്, പട്ടികജാതി വികസന ഓഫീസർ |
| 1-17 | 149000 | ശ്രീ.സച്ചിൻ ദാസ്, പട്ടികജാതി വികസന ഓഫീസർ |
| ആകെ | 1637967 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സച്ചിൻ ദാസ്, | പട്ടികജാതി വികസന ഓഫീസർ, പന്തളം ബ്ലോക്ക് പഞ്ചായത്ത് | കരിക്കകത്ത് വീട്, കോട്ടപ്പുറം, ഇളംപള്ളൂർ പി.ഒ. കൊല്ലം |
| ശ്രീ.ആരിഫ് മുഹമ്മദ് എം., | അസിസ്റ്റന്റ് എഞ്ചിനിയർ, പന്തളം ബ്ലോക്ക് പഞ്ചായത്ത് | റംലത്ത് മൻസിൽ<br>വലംചുഴി<br>പത്തനംതിട്ട |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം (പന്തളം ബ്ലോക്ക് പഞ്ചായത്ത്) | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം (കുളനട ബ്ലോക്ക് പഞ്ചായത്ത്) |
|---|---|---|
| 1998-99 | ഇല്ല | എൽ.എഫ്.പി.റ്റി.എ/പി5-26/00 തീയതി:09.05.00 |
| 1999-2000 | എൽ.എഫ്.പി.റ്റി.എ/പി5-421/00 തീയതി:27.02.01(1) | എൽ.എഫ്.പി.റ്റി.എ/പി5-594/00 തീയതി:30.01.01 |
| 2000-01 | എൽ.എഫ്.പി.റ്റി.എ/പി5-660/02 | എൽ.എഫ്.പി.റ്റി.എ/പി5-571/02 |

| | | |
|---|---|---|
| | തീയതി:2.03.02 | തീയതി:03.02.03 |
| 2001-02 | എൽ.എഫ്.പി.റ്റി.എ/പി5-441/04 തീയതി:26.02.04/17.08.04 | എൽ.എഫ്.പി.റ്റി.എ/പി5-302/04 തീയതി:04.08.04 |
| 2002-03 | എൽ.എഫ്.പി.റ്റി.എ/പി6-389/06 തീയതി:31.01.07/07.07.08 | എൽ.എഫ്.പി.റ്റി.എ/പി6-788/06 തീയതി:08.02.07 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി5-692/07 തീയതി:22.1.08/08.02.08 | എൽ.എഫ്.പി.റ്റി.എ/പി6/1029/07 തീയതി:07.5.08 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/ പി5/763 /07തീയതി26/3/08 | എൽ.എഫ്.പി.റ്റി.എ/പി6-1030/07 തീയതി:12.5.08 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി5-764/07 തീയതി:25.03.09 | എൽ.എഫ്.പി.റ്റി.എ/പി6-1031/07 തീയതി:12.5.08 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി5-527 /08തീയതി:25.03.09 | എൽ.എഫ്.പി.റ്റി.എ/പി3-426/08 തീയതി:13.4.09 |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി-3-874/09 തീയതി:07.04.10 | എൽ.എഫ്.പി.റ്റി.എ/പി3-875/09 തീയതി:23.3.10 |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി-2-31/11 തീയതി:04.10.11 | എൽ.എഫ്.പി.റ്റി.എ/പി3-943(എ)/11 തീയതി:31.12.11 |
| 2009-10 & 10-11 | എൽ.എഫ്.പി.റ്റി.എ/പി-2-256/13 തീയതി:08.10.13 | എൽ.എഫ്.പി.റ്റി.എ/പി3-943(ബി)/11 തീയതി:31.12.11 |
| 2011-12 & 12-13 | എൽ.എഫ്.പി.റ്റി.എ/പി2/224/14 തീയതി:05.06.14 | |
| 2013-14 | കെ.എസ്.എ.പി.റ്റി.എ/പി13-555/16 തീയതി02.06.2017 | |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി3-1019/2016 20.09.2016 | |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി13-194/2017 10.05.2017 | |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി12-1323/18 07.12.17 | |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി12-324/19 20.05.19 | |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

അനുബന്ധം-1

നം.കെ.എസ്.എ.പി.റ്റി.എ.പി12-854/19 തീയതി.15/10/2019

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

No.KSAPTA P.12-854/19 Dated.15/10/2019

CERTIFICATE

Certified that I have examined the Annual Financial Statement of Pandalam Block Panchayat in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pandalam Block Panchayat for the year 2018-19 except the observations in my report properly presents the picture of income and expenditure.

HABEEB MOHAMMED
Senior Deputy Director
Kerala State Audit Department
Pathanamthitta